## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2794

12.03.2018-ൽ മറുപടിക്ക്

### സമുദ്ര മത്സ്യോത്പാദനത്തിൽ കുറവ്

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ.എ.പി. അനിൽ കുമാർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| | സമുദ്ര മത്സ്യോത്പാദനത്തിൽ 2016-17 വർഷത്തിൽ കുറവ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണങ്ങൾ വിശദീകരിക്കാമോ? | | ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറു മത്സ്യങ്ങളെ പിടിച്ചെടുക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജല മലിനീകരണം, കണ്ടൽകാടുകളുടെ തിരോധനം, കാലാവസ്ഥ വ്യതിയാനം തുടങ്ങി നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് കുറവ് സംഭവിക്കുന്നു. ഇവയിൽ ചിലത് മനുഷ്യ കാരണങ്ങളും മറ്റ് ചിലത് പ്രകൃത്യാ യുള്ളവയുമാണ്. വിഭവ ശോഷണം ഒഴിവാക്കാൻ മത്സ്യബന്ധന സമ്മർദ്ദം പരമാവധി കുറച്ച് ശാസ്ത്രീയ മത്സ്യബന്ധനം പ്രോത്സാഹിപ്പിച്ച്, KMFR ആക്ട് കർശനമായി നടപ്പിലാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 1980 ലെ KMFR ആക്ട് ഇതിന് വേണ്ടി സമഗ്രമായി പരിഷ്കരിച്ച് നിയമഭേദഗതി നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ